**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 941** **24-02-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ പുഴകളിലെ ചെളിയും മണലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഉരുൾപൊട്ടലും പ്രളയവും കാരണം നിലമ്പൂർ മണ്ഡലത്തിലെ ചാലിയാർ പുഴ, പുന്നപ്പുഴ, കരിമ്പുഴ എന്നിവയിൽ ചെളിയും മണലും അടിഞ്ഞ് സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മേൽ നദികളിൽ അടിഞ്ഞിട്ടുള്ള ചെളിയുടെയും മണലിന്റെയും അളവ് തിട്ടപ്പെടുത്തുകയോ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; | (ബി) | ചാലിയാർ പുഴ, കുന്നപ്പുഴ, കരിമ്പുഴ എന്നിവയിൽ അടിഞ്ഞ് കൂടിയ ചെളി, മണ്ണ്, എക്കൽ, ജൈവാംശം, മറ്റ് പ്രളയാവശിഷ്ടങ്ങൾ എന്നിവയുടെ ഏകദേശ അളവ് തിട്ടപ്പെടുത്തിയിട്ടുണ്ട്. MGNREGS/AUEGS വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കം ചെയ്യാവുന്നതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച പട്ടിക ബന്ധപ്പെട്ട പഞ്ചായത്തുകൾക്കും മലപ്പുറം ജില്ല MGNREGS ജോയിന്റ് പ്രോഗ്രാം കൺവീനർക്കും തുടർനടപടികൾക്കായി കൈമാറിയിട്ടുണ്ട്. സർക്കാർ തലത്തിലും മേൽ വിഷയത്തിലുള്ള പുരോഗതി വിലയിരുത്തുന്നുണ്ട്. |
| (സി) | ഇല്ലെങ്കിൽ അടുത്ത മഴക്കാലത്തിന് മുൻപായി ചെളിയും മണലും നീക്കം ചെയ്ത് പുഴകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് നിർദ്ദേശം നൽകാമോ; ചെറിയ മഴയിൽ പോലും പ്രളയസാധ്യത ഉള്ളതിനാൽ ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ; | (സി) | ചെളിയും മണലും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തിക്ക് പ്രാദേശിക തലത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിന് തടസ്സങ്ങളുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോ? | (ഡി) | MGNREGS/AUEGS ന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, നിലവിൽ പുഴയുടെ ഒഴുക്കിന് തടസ്സം നിൽക്കുന്ന ചെളി, മണ്ണ്, എക്കൽ, ജൈവാംശം, മറ്റ് പ്രളയാവവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആലോചിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ